# 14-ാം കേരള നിയമ സഭ
# 2-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.T 6554** **08.11.2016-ൽ മറുപടിയ്ക്ക്**

## സ്പോട്ട് അഡ്മിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| **ഡോ. എൻ. ജയരാജ് :**<br>**ശ്രീ. റോഷി അഗസ്റ്റിൻ :**<br>**ശ്രീ. മോൻസ് ജോസഫ് :**<br>**ശ്രീ. സി.എഫ്. തോമസ് :** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ നേടിയവരെ അവർ നിലനിർത്തിയിട്ടുള്ള ഹയർ ഓപ്ഷൻ സീറ്റുകളിലേക്ക് നടന്ന സ്പോട്ട് അഡ്മിഷൻ പരിഗണിക്കാതെ, മെറിറ്റ് മറികടന്ന് കുറഞ്ഞ റാങ്ക് ഉള്ളവർക്ക് അഡ്മിഷൻ നല്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ടാണ് പ്രസ്തുത വിഭാഗക്കാരെ സ്പോട്ട് അഡ്മിഷന് പരിഗണിക്കാത്തതെന്ന് വ്യക്തമാക്കുമോ ; | (എ) സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലേയ്ക്കുള്ള അലോട്ട്മെന്റും പ്രവേശനവും സർക്കാരും പ്രസ്തുത മാനേജ്മെന്റുകളുമായി അതത് അദ്ധ്യയനവർഷാരംഭത്തിൽ ഏർപ്പെടുന്ന കരാറിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ് നടത്തപ്പെടുന്നത്. ഇതുപ്രകാരം 2016 സെപ്റ്റംബർ 26-ന് സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലേയ്ക്കുള്ള പ്രവേശനം, കേരള പ്രവേശന പരീക്ഷാ കമ്മീഷണർ പൂർത്തിയാക്കേണ്ടതുണ്ട്. കൂടാതെ 2016 സെപ്റ്റംബർ 26 – ന് ശേഷം സ്വകാര്യ/ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കേളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികളെ വീണ്ടും മറ്റേതെങ്കിലും കോളേജുകളിലേക്ക് അലോട്ട് ചെയ്യുവാനോ, സ്വാശ്രയകോളേജുകളിലേക്ക് പുതുതായി അലോട്ട്മെന്റ് നടത്താനോ കഴിയില്ല. ഈ സാഹചര്യത്തിൽ 2016 സെപ്റ്റംബർ 30-ന് നടന്ന സ്പോട്ട് അഡ്മിഷനിൽ ഇത്തരം വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ സാധിച്ചിട്ടില്ല. മുൻവർഷങ്ങളിലും ഇതേ രീതി തന്നെയാണ് പിന്തുടർന്നു വന്നിരുന്നത്. |

(ബി) ഈ പ്രശ്നം പഠിക്കുവാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

(ബി) സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെയും വിവിധ സർക്കാർ ഉത്തരവുകളിലെയും വ്യവസ്ഥകൾക്കനുസൃതമായാണ് അലോട്ട്മെന്റും പ്രവേശനവും നടത്തി വരുന്നത്. അടുത്ത അദ്ധ്യയനവർഷം മുതൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം ഏകീകൃത കൗൺസലിംഗ് മുഖാന്തിരം നടപ്പിലാക്കുമ്പോൾ ഈ പ്രശ്നത്തിന് പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ